**പതിമൂന്നാം കേരള നിയമസഭ**

**നാലാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 7** **05.03.2012 ലെ മറുപടിയ്ക്ക്**

**സ്വകാര്യ പണമിടപാട് സ്ഥാപനങ്ങൾ**

**ചോദ്യം**

**ശ്രീ. സി. മമ്മൂട്ടി**
**ശ്രീ. പി.ബി. അബ്ദുൾ റസാക്**
**ശ്രീ. കെ.എം. ഷാജി**
**ശ്രീ. വി.എം. ഉമ്മർ മാസ്റ്റർ**

**ഉത്തരം**

**ശ്രീ. കെ.എം. മാണി**
**(ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി)**

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് സ്വകാര്യ പണമിടപാട് സ്ഥാപനങ്ങൾ സാധാരണ ജനങ്ങളുടെ അറിവില്ലായ്മ മുതലെടുത്ത് അവരെ കബളിപ്പിക്കുന്നത് തടയാൻ സർക്കാർ തലത്തിൽ പ്രവർത്തിക്കുന്ന സംവിധാനങ്ങളെക്കുറിച്ച് വിശദീകരിക്കാമോ ; | (എ) | കേരളത്തിലെ സ്വകാര്യ പണമിടപാട് സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ നിയന്ത്രിക്കുന്നത് കമ്പനി ആക്ട്, ചിട്ടി ആക്റ്റ്, റിസർവ്വ് ബാങ്ക് ആക്ട്, മണിലെൻഡേഴ്സ് ആക്ട്, ബാങ്കിംഗ് റെഗുലേഷൻ ആക്റ്റ്, പ്രൈസ് ചിറ്റ്സ് ആന്റ് മണി സർക്കുലേഷൻ സ്കീംസ് (ബാനിംഗ്) ആക്റ്റ് എന്നീ വിവിധ നിയമങ്ങൾ മുഖേനയാണ്. മേൽ വിവരിച്ച എല്ലാ നിയമങ്ങളെയും സംബന്ധിച്ച് ആ നിയമപ്രകാരം ചുമതലപ്പെടുത്തിയിട്ടുള്ള അധികാരിയും, പോലീസും ആണ് രജിസ്ട്രേഷൻ, ലൈസൻസ് എന്നിവയില്ലാതെയുള്ള സ്ഥാപനങ്ങളുടെ പ്രവർത്തനം, ടി നിയമത്തിലെ വ്യവസ്ഥകളുടെ ലംഘനം എന്നീ പ്രവൃത്തികൾക്ക് മേൽ നടപടി സ്വീകരിക്കേണ്ടത്. |
| (ബി) | സ്വകാര്യ കുറിക്കമ്പനികൾ ജനങ്ങളെ ആകർഷിക്കാനായി മാധ്യമങ്ങളിലൂടെ നടത്തുന്ന പ്രലോഭനങ്ങളും,വ്യാജ വാഗ്ദാനങ്ങളും സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (ബി) | ഇതു സംബന്ധിച്ച പരസ്യങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | ടോട്ടൽ ഫോർ യു മോഡലിൽ വാഗ്ദാന ങ്ങൾ നൽകി കോടിക്കണക്കിന് പണം സാധാരണക്കാരിൽ നിന്നും തട്ടിയെ ടുത്തത് സംബന്ധിച്ച പരാതികൾ സർ ക്കാർ പരിശോധിച്ചിട്ടുണ്ടോ ; എങ്കിൽ അതു സംബന്ധിച്ച് സ്വീകരിച്ച നടപടി കളുടെ വിശദാംശം നൽകാമോ ; | (സി) | അമിത ലാഭം ഉണ്ടാക്കി തരാമെന്ന് മാധ്യ മങ്ങളിലൂടെയും നേരിട്ടും ജനങ്ങളെ ബോധ്യപ്പെടുത്തി പ്രലോഭിപ്പിച്ച് പണം തട്ടിയെടുത്ത് കബളിപ്പിക്കുന്ന ടോട്ടൽ ഫോർ യു മോഡലിലുള്ള തട്ടിപ്പുകളെ സംബന്ധിച്ച പരാതികൾ പരിശോധിക്കു കയും ആയതിന്മേൽ വിവിധ പോലീസ് സ്റ്റേഷനുകളിൽ കേസുകൾ രജിസ്റ്റർ ചെയ്ത് അന്വേഷിക്കുകയും വിശദമായ അന്വേഷണത്തിനായി ക്രൈം ബ്രാഞ്ചിന്റെ കീഴിലുള്ള EOW വിഭാഗ ത്തിന് കൈമാറുകയും ചെയ്തിട്ടുണ്ട്. ഇത്തരം കേസുകളുടെ അന്വേഷണം ഇപ്പോൾ ഈ വിഭാഗം ഊർജ്ജിതമായി നടത്തി വരുന്നു. |
| (ഡി) | ഇത്തരം സ്ഥാപനങ്ങൾക്ക് രജിസ്ട്രേഷൻ നിർബന്ധമാക്കിയിട്ടുണ്ടോ ; വിശദമാ ക്കുമോ ; | (ഡി) | നിലവിൽ പണമിടപാട് സ്ഥാപനങ്ങ ൾക്ക് രജിസ്ട്രേഷൻ നിർബന്ധമാക്കിയിട്ടു ണ്ട്. 1975ലെ ചിട്ടി നിയമപ്രകാരം കേരള സംസ്ഥാനത്ത് ചിട്ടികളുടെ രജിസ്ട്രേഷൻ നിർബന്ധമാക്കിയിട്ടുണ്ട്. കേരള മണിലെൻഡേഴ്സ് ആക്റ്റ് 1958ൽ പ്രതിപാദിച്ച പ്രകാരം ഒരു മണിലെൻഡ ർ, പ്രസ്തുത നിയമത്തിൻകീഴിൽ ലൈസ ൻസ് എടുക്കേണ്ടതാണ്. കൂടാതെ നോൺ ബാങ്കിംഗ് ഫിനാൻസ് കമ്പനികൾ RBI രജിസ്ട്രേഷൻ എടുക്കേ ണ്ടതാണ്. ചട്ട പ്രകാരമല്ലാതെ പ്രവർ ത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ നട പടി എടുക്കുന്നുണ്ട്. |
| (ഇ) | തട്ടിപ്പിന് ഇരയാകാതിരിക്കാൻ ജനങ്ങ ൾക്കിടയിൽ ബോധവൽക്കരണവും ഒപ്പം കുറ്റവാളികൾക്കെതിരെ കർശന നടപടിയും സ്വീകരിക്കാൻ നിർദ്ദേശം നൽകുമോ ? | (ഇ) | പത്ര ദൃശ്യമാധ്യമങ്ങളിലൂടെ ജനങ്ങളെ ബോധവൽക്കരിക്കുന്നതിനായി നടപടി കൾ എടുത്തുവരുന്നുണ്ട്. ജനമൈത്രി പോലീസിന്റെ സേവനം ജനങ്ങൾക്കിട യിൽ ബോധവൽക്കരണം നടത്തുന്നതി നായി പ്രയോജനപ്പെടുത്തുന്നുണ്ട്. കുറ്റ വാളികൾക്കെതിരെ ഇന്ത്യൻ ശിക്ഷാ നിയമത്തിലെ 420 പോലുള്ള വകുപ്പനു സരിച്ചും Sec 3 of the prize chits and money circulation (Banning) Act 1978 and 2(1) (C) r/w 7 of Drugs and Magic remedies (objectionable |

| | | | |
|---|---|---|---|
| | | | Advertisement Act 1954, The Kerala Money Lenders Act 1958 പ്രകാരവും കേസുകൾ രജിസ്റ്റർ ചെയ്ത് നിയമ നടപടികൾ സ്വീകരിക്കാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.<br>1975ലെ കേരള ചിട്ടീസ് ആക്റ്റ്, 1978ലെ The prize chits and money circulation schemes (Banning) Act എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ശിക്ഷാർഹമായ കുറ്റം ചെയ്യുന്നവർക്കെതിരെ ശിക്ഷാനടപടി സ്വീകരിച്ച് വരുന്നുണ്ട്. സംസ്ഥാനത്ത് സ്വകാര്യ പണമിടപാട് സ്ഥാപനങ്ങൾ ജനങ്ങളെ കബളിപ്പിക്കുന്നത് തടയാനും അത്തരം സ്വകാര്യ സ്ഥാപനങ്ങളുടെ സ്വത്തുക്കൾ ഉടനടി കണ്ടു കെട്ടാനും അത്തരം കേസുകൾ സമയബന്ധിതമായി തീർപ്പാക്കുന്നതിലേയ്ക്കും വേണ്ടി ഒരു പുതിയ നിയമം സർക്കാർ ഉടനടി കൊണ്ടു വരുന്നുണ്ട്. ഇതിലേക്കുള്ള ബിൽ തയ്യാറായി കഴിഞ്ഞു. |

സെക്ഷൻ ഓഫീസർ